# Mathrubhumi

# 23 August 2018

# Kochi, Flood, Lottery Sector, Loss

## ലോട്ടറിക്ക് ബമ്പർ നഷ്ടം

**കെ.ജി. കാർത്തിക**
കൊച്ചി

▸ പ്രളയത്തെത്തുടർന്ന് ലോട്ടറിമേഖലയിൽ വൻ പ്രതിസന്ധി. ഓഗസ്റ്റ് 16 മുതൽ 22 വരെ നടുക്കെടുപ്പുകൾ മാറ്റിയതുമൂലം 5.75 കോടി രൂപയുടെ നഷ്ടമുണ്ടായി. ടിക്കറ്റുകളും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പലയിടങ്ങളിലും വെള്ളംകയറി നശിച്ചതിന്റെ നഷ്ടം വേറെ.



തൊഴിലാളികളാണ് ഏറെ ബുദ്ധിമുട്ടുന്നത്. മാറ്റിവെച്ച നറുക്കെടുപ്പുകൾ വ്യാഴാഴ്ച മുതൽ നടത്താനാണ് സർക്കാർ നിർദേശം. ഇത് പ്രായോഗികമല്ലെന്നാണ് തൊഴിലാളികൾ പറയുന്നത്. ഇത് ഏജൻറുമാർക്ക് ലക്ഷങ്ങളുടെ ബാധ്യതയുണ്ടാക്കുമെന്നും പറയുന്നു. ഈ ടിക്കറ്റുകൾ റദ്ദാക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം.

സംസ്ഥാന ഭാഗ്യക്കുറികൾ തിരിച്ചെടുക്കാൻ സംവിധാനങ്ങളില്ല. അതിന് സോഫ്റ്റ്‌വേറുകളടക്കം മാറേണ്ടിവരും. ഇതുവരെ അങ്ങനെയൊരു രീതി ലോട്ടറിമേഖലയിൽ ഉണ്ടായിട്ടില്ലെന്ന് കേരള സ്റ്റേറ്റ് ലോട്ടറി ഏജൻറ്സ് ആൻഡ് സെല്ലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് അധികൃതർ പറഞ്ഞു. ടിക്കറ്റുകളും സ്ഥാപനങ്ങളും നശിച്ചുപോയവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നത് ആലോചനയിലാണ്.

ടിക്കറ്റ് വിൽപ്പന നടക്കാതെ ഭീമമായ നഷ്ടമാണുണ്ടായതെന്ന് സ്റ്റേറ്റ് ലോട്ടറീസ് റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. 16-ന് നിശ്ചയിച്ചിരുന്ന കെ.എൻ. 226 നമ്പർ കാരുണ്യ പ്ലസ് നറുക്കെടുപ്പ് വ്യാഴാഴ്ച നടക്കും. 17-ന് നിശ്ചയിച്ചിരുന്ന എൻ.ആർ. 82 നമ്പർ നിർമൽ ഭാഗ്യക്കുറി നറുക്കെടുപ്പ് 24-ന് നടത്തും. 18-ലെ കെ.ആർ. 359 നമ്പർ കാരുണ്യ, 19-ലെ ആർ.എൻ. 353 നമ്പർ പൗർണമി എന്നിവയുടെ നറുക്കെടുപ്പ് 26-ന് നടക്കും. 20-ന് നടക്കേണ്ട ഡബ്ല്യു. 474 നമ്പർ വിൻവിൻ നറുക്കെടുപ്പ് 27-ലേക്കും 21-ലെ എസ്.എസ്. 120 നമ്പർ സ്ത്രീശക്തി നറുക്കെടുപ്പ് 28-ലേക്കും മാറ്റി. 22-ലെ എ.കെ 358 നമ്പർ അക്ഷയ ഭാഗ്യക്കുറി നറുക്കെടുപ്പ് 29-ന് നടക്കും.